പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1578

07.03.2018 ൽ മറുപടിക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - നിയമന നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ.പി. അനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള പരീക്ഷ നടത്തിപ്പിനുള്ള നടപടികൾ പി.എസ്.സി. ആരംഭിച്ചിട്ടുണ്ടോ; | എ) | പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | കെ.എ.എസ്.ന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം സിലബസ്, സ്കീം തുടങ്ങിയ കാര്യങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ടോ; | (ബി)<br>(സി)<br>(ഡി) | പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് വ്യക്തത വരുത്തി ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| സി) | നിയമനം പി.എസ്.സി.-യ്ക്ക് വിട്ടാൽ പരീക്ഷയുടെ സ്കീം, സിലബസ് തുടങ്ങിയ കാര്യങ്ങളിൽ തീരുമാനം എടുക്കുവാനുള്ള പൂർണ്ണാധികാരം പി.എസ്.സി.-യ്ക്ക് ആയിരിക്കുമെന്നിരിക്കെ കെ.എ.എസ്. വിഷയത്തിൽ ഇതിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുവാനുണ്ടായ കാരണമെന്താണ്; | | |
| ഡി) | പ്രസ്തുത വ്യവസ്ഥ കരട് ചട്ടങ്ങളിൽ ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ അന്തിമ വിജ്ഞാപനത്തിൽ ഇത് കൂട്ടിച്ചേർക്കുവാൻ ഉണ്ടായ സാഹചര്യമെന്താണ്; | | |
| ഇ) | പ്രസ്തുത സ്പെഷ്യൽ റൂൾസ് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ നക്കൽ രൂപത്തിൽ സമർപ്പിച്ച് അംഗീകാരം തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | ഇ) | ഇല്ല. പ്രസ്തുത സർവ്വീസ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വിഷയനിർണ്ണയ സമിതിയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് മുമ്പായി വിജ്ഞാപനം പുറപ്പെടുവിക്കുകയായിരുന്നു. അതിനുശേഷം പ്രസ്തുത വിഷയം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ